(15) ശ്രീമതി പി. നിർമ്മലാദേവി, സ്പെഷ്യൽ അസിസ്റ്റന്റ്

(16) ശ്രീ. ഡി. അജിതകുമാരി, എസ്. ജി.ടൈപ്പിസ്റ്റ്

(ബി) (1) ശ്രീ. കെ.എസ്. വിജയൻ, എക്സി.ഡയറക്ടർ, സിഡ്കോ യുടെ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ടിക്കുന്നു.

(2) ശ്രീ. എൻ. മോഹനകുമാർ, ഡിപ്പോ എൻജിനീയർ, ടൂറിസം ഡിപ്പാർട്ട്മെന്റിൽ എക്സി.എൻജിനീയർ (ഗ്യാരേജ്)

(3) ശ്രീ. എസ്. തോംസൺ, ഡ്രൈവർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡ്രൈവറായി ജോലി നോക്കുന്നു.

(4) ശ്രീ. കെ. ഹരിദാസൻ, കണ്ടക്ടർ, കൾച്ചറൽ പബ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റിൽ എഡിറ്റോറിയൽ അസിസ്റ്റന്റായി ജോലി നോക്കുന്നു.

(5) ശ്രീ. എസ്. രാജേന്ദ്രൻ, കോച്ച് ബിൽഡർ, ശ്രീ.ചിത്തിരതിരു ന്നാൾ എഞ്ചിനീയറിംഗ് കോളേജിൽ ഇൻസ്ട്രക്ടറായി ജോലി നോക്കുന്നു.

(6) ശ്രീ. ഐ. സതീഷ്കുമാർ, കണ്ടക്ടർ ശ്രീ. സി. എൻ. ജയദേ വൻ, എം.എൽ.എ. യുടെ പേഴ്സണൽ അസിസ്റ്റന്റായി ജോലി നോക്കുന്നു.

(7) ശ്രീ. എ. ശിവരാജൻ, കണ്ടക്ടർ- ശ്രീ. കെ. പ്രകാശ്ബാബു എം.എൽ.എ.യുടെ പേഴ്സണൽ അസിസ്റ്റന്റായി ജോലി ചെയ്യുന്നു. ഇവരെ കൂടാതെ താഴെ ചേർത്തിരിക്കുന്ന ഒൻപതുപേർ കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷനിൽ ജോലി ചെയ്യുന്നുണ്ട്.

(1) ശ്രീ. ബി. രാധാകൃഷ്ണൻ നായർ, സൂപ്രണ്ട് (അഡ്മിനിസ്ട്രേ റ്റീവ് ഓഫീസറായി ജോലി ചെയ്യുന്നു)

(2) ശ്രീ. എസ്.ഡി. ശ്രീനിവാസൻ, യു.ഡി.സി.

(3) ശ്രീ. വി. രാജശേഖര കൈമൾ, സ്പെഷ്യൽ അസിസ്റ്റന്റ്.

(4) ശ്രീ. എസ്. ഹേമജിത്ത്, സെലക്ഷൻ ഗ്രേഡ് ക്ലാർക്ക്.

(5) ശ്രീ. സി.എസ്. മധുസൂദനൻനായർ, യു.ഡി.സി.

(6) ശ്രീ. ആർ ശശികുമാർ, യു.ഡി. ടൈപ്പിസ്റ്റ്

(7) ശ്രീ. സി.എസ്. ശ്രീകുമാരൻ നായർ സീനിയർ ഗ്രേഡ് ക്ലാർക്ക്.

(8) ശ്രീമതി പി. നിർമ്മലാദേവി, സെപഷ്യൽ അസിസ്റ്റന്റ്

(9) ശ്രീമതി ഡി. അജിതകുമാരി. ടൈപ്പിസ്റ്റ് (സ്റ്റെനോഗ്രാഫർ ആയി ജോലി നോക്കുന്നു)

(സി) ഉണ്ട്. പ്ലാനിംഗ് ബോർഡിൽ ജോലി നോക്കുന്ന ഡ്രൈവർക്കും കെ.ടി.ഡി.എഫ്.സി.യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ക്ലാർക്കുമാർക്കും സ്റ്റെനോഗ്രാഫർക്കും, എം.എൽ.എ.മാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർക്കും പാസ്സ് നൽകിയിട്ടുണ്ട്.

(ഡി) കീഴ്വഴക്കമനുസരിച്ചാണ് പാസ്സ് നൽകിയിട്ടുള്ളത്.

62 (2622) ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധപ്പെടുത്തി ബസ്സ് സർവ്വീസ്

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ട് ഇപ്പോൾ നടത്തിവരുന്ന ബസ്സ് സർവ്വീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിനകത്തുള്ള കേന്ദ്രങ്ങൾ തമ്മിലും പുറത്തുള്ള തീർത്ഥാടന കേന്ദ്രങ്ങളേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടും കെ.എസ്.ആർ.ടി.സി. നടത്തി വരുന്ന സർവ്വീസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) തീർത്ഥാടന കേന്ദ്രവും ടൂറിസ്റ്റ് കേന്ദ്രവുമായ വർക്കലയെ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി. ഇപ്പോൾ ഏതെങ്കിലും ടൂറിസ്റ്റ് തീർത്ഥാടന കേന്ദ്ര ബസ് സർവ്വീസുകൾ നടത്തിവരുന്നുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു മറുപടി സമർപ്പിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി)1. നെയ്യാറ്റിൻകര-അരുവിപ്പുറം-വർക്കല-ശിവഗിരി

2. കോട്ടയം-വർക്കല-ശിവഗിരി

3. ഗുരുവായൂർ-ശിവഗിരി

4. ഗുരുവായൂർ-വർക്കല-ആറ്റിങ്ങൽ എന്നീ സർവ്വീസുകൾ നടത്തുന്നുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

63 (2623) രാത്രികാല ബസ്സ് സർവ്വീസ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-വിഴിഞ്ഞം, തിരുവനന്തപുരം-നെടുമങ്ങാട്, തിരുവനന്തപുരം-കാട്ടാക്കട, തിരുവനന്തപുരം-വെള്ളനാട്, നെടുമങ്ങാട്-പാലോട് എന്നീ റൂട്ടുകളിൽ രാത്രി ഒൻപതു മണിക്കു ശേഷം കെ.എസ്. ആർ.ടി.സി. എത്ര സമയം ഇടവിട്ടാണ് സർവ്വീസ് നടത്തുന്നത്;

(ബി) ഈ റൂട്ടുകളിൽ ഓരോന്നിലും പ്രസ്തുത സമയത്തിനു ശേഷം എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്;

(സി) 1999 ജനുവരി 1-ാം തീയതി മുതൽ 1999 മെയ് 31 വരെ പ്രസ്തുത റൂട്ടുകളിൽ ഓരോന്നിലും രാത്രി 8 മണിക്കു ശേഷമുള്ള എത്ര സർവ്വീസുകൾ ക്യാൻസൽ ചെയ്തു;

(ഡി) പ്രസ്തുത റൂട്ടുകളിൽ രാത്രികാല സർവ്വീസുകൾ കാൻസൽ ചെയ്യാതിരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം-വിഴിഞ്ഞം റൂട്ടിലും തിരുവനന്തപുരം നെടുമങ്ങാട് റൂട്ടിലും 5 മുതൽ 30 മിനിറ്റ് ഇടവിട്ടും തിരുവനന്തപുരം-കാട്ടാക്കട

LIBRARY ARCHIVES Kerala Legislative Assembly